മലയാള മനോരമ
ESTABLISHED 1888
01 October 2019

# ശ്രാവ്-തിരണ്ടി വർഗങ്ങളിൽ വലിയ കുറവ്: സിഎംഎഫ്ആർഐ

കൊച്ചി ● മുൻവർഷങ്ങളെ അപേക്ഷിച്ച് ശ്രാവ്-തിരണ്ടി വർഗങ്ങളിൽ വലിയ കുറവാണുണ്ടാകുന്നതെന്നും അതിനാൽ മത്സ്യബന്ധനത്തിൽ കരുതൽ വേണമെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കഴിഞ്ഞ 20 വർഷത്തെ കണക്കെടുക്കുമ്പോൾ ശ്രാവിന്റെ ഉൽപാദനം താഴോട്ടാണ്. മത്സ്യത്തൊഴിലാളികൾക്കും ശ്രാവ്-തിരണ്ടി വർഗങ്ങളുടെ വ്യാപാരവുമായി ബന്ധപ്പെട്ടവർക്കും നടത്തിയ ബോധവൽക്കരണ ശിൽപശാലയിലാണ് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ ആശങ്ക പങ്കുവച്ചത്.

ശ്രാവിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് ദേശീയ കർമരേഖ കേന്ദ്ര സർക്കാറിന് സമർപ്പിട്ടുണ്ടെന്നും സിഎംഎഫ്ആർഐയിലെ അടിത്തട്ട് മത്സ്യഗവേഷണ വിഭാഗം മേധാവി ഡോ. പി. യു. സക്കറിയ പറഞ്ഞു.

ശ്രാവിന്റെ ചിറക് കയറ്റുമതി ചെയ്യുന്നതിനുള്ള നിരോധനം ഒഴിവാക്കണമെന്ന് ചർച്ചയിൽ ശ്രാവ് വ്യാപാര പ്രതിനിധികൾ ആവശ്യപ്പെട്ടു. ഡോ. ടി.എം. നജ്മുദ്ദീൻ, ബി. ഹംസ, എം. മജീദ്, ഡോ. രേഖ ജെ. നായർ എന്നിവർ പ്രസംഗിച്ചു.